വചനബോധി

സീറോമലങ്കര

# കാരുണികൻ

Vol.17 No.11 November 2020

സമഗ്രദൈവശാസ്ത്രമാസിക

# സീറോമലങ്കര

Karunikan Magazine
Perumanoor P.O
Thevara - 682 015, Cochin
0484- 2663933, 9496468035
www.karunikan.com
vachanabodhik@gmail.com

www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

# ഉള്ളടക്കം

**ഡിസംബർ 06**
യോഹന്നാൻ മാംദാനയുടെ ജനനം : 03
ലൂക്കാ 1:57 -66
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. സുബിൻ കിടങ്ങേൻ

**ഡിസംബർ 08**
വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ : 08
- ഫാ. സിനോജ് ഇരട്ടക്കാലായിൽ mcbs

**ഡിസംബർ 13**
മാർ യൗസേപ്പിനുണ്ടായ ദർശനം : 11
മത്താ 1:18-25
- ഡോ. പോൾ കുഞ്ഞാനായിൽ mcbs
- ഫാ. ജെയ്സൺ തൃക്കോയിക്കൽ mcbs

**ഡിസംബർ 20**
യൽദായ്ക്കു മുമ്പുള്ള ഞായർ : 15
ലൂക്കാ 2:1-5
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. മാർട്ടിൻ പ്രേമാനന്ദ് oic

**ക്രിസ്തുമസ്**
യൽദാപ്പെരുന്നാൾ : 20
- ഡോ. ആൻസൻ പാണേങ്ങാടൻ cmi

**ഡിസംബർ 27**
യൽദായ്ക്കുശേഷം 1-ാം ഞായർ : 24
ലൂക്കാ 2:41-52
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ജോഷ്വാ കൊച്ചുവിളയിൽ

www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ
06

# യോഹന്നാൻ മാംദാനയുടെ ജനനം

## ഭാഷ്യം

ലൂക്കാ 1:57-66

### സന്ദർഭം

രക്ഷകനു വഴിയൊരുക്കാൻ അയയ്ക്കപ്പെട്ട മുന്നോടിയുടെ ജനനമാണ് ഇന്നത്തെ സുവിശേഷം. ജനനത്തിന്റെ വിവരണത്തോടൊപ്പം പിതാവായ സഖറിയാ ആലപിച്ച ഒരു സ്തോത്രഗാനവും ഐച്ഛികമായി നിർദ്ദേശിച്ചിട്ടുണ്ട്. ബാല്യകാല സുവിശേഷം (Infancy Gospel) എന്നറിയപ്പെടുന്ന ലൂക്കാ 1-2 അധ്യായങ്ങളിൽ ഏകകേന്ദ്രീകൃതമായ(concentric) ഒരു ഘടനകാണാം. മുന്നോടിയുടെയും രക്ഷകന്റെയും ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്, ഇരുവരുടെയും ജനനം എന്നിവ സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നു. അതിനുനടുവിൽ അജ്ഞാതശിശുക്കളുടെ മാതാക്കൾ തമ്മിലുള്ള കണ്ടുമുട്ടലും മാതാക്കൾ ആലപിക്കുന്ന സ്തോത്രഗീതങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഇരുവരും തമ്മിലുള്ള സാമ്യവും അതേസമയം വ്യത്യാസവും സുവിശേഷകൻ എടുത്തുകാട്ടുന്നുണ്ട്.

എലിസബത്തിന് പ്രസവസമയമായി - പ്രസവിച്ചു എന്നു തുടങ്ങുന്ന വിവരണം ശിശുവിനു ലഭിക്കുന്ന കർത്താവിന്റെ സംരക്ഷണവും പരിശീലനവും സൂചിപ്പിച്ചുകൊണ്ട് സമാപിക്കുന്നു. ജനനത്തിന്റെ വിവരണത്തിൽ ശിശുവിനുനൽകുന്ന പേരിനാണ് മുഖ്യസ്ഥാനം നൽകിയിരിക്കുന്നത്. പേരും ദൗത്യവുമായുള്ള ബന്ധത്തിലേക്കും ഇതു വിരൽചൂണ്ടുന്നു.

### സാരം

സഖറിയാ വിശ്വസിക്കാതിരുന്നിട്ടും ദൈവത്തിന്റെ പദ്ധതി പൂർത്തിയായി. ചോദിച്ചുവാങ്ങിയ അടയാളമായിരുന്നു സംസാരശക്തി നഷ്ടപ്പെടൽ. ദൈവത്തിന്റെ വചനം പൂർത്തിയായപ്പോൾ സംസാര



www.malankaralibrary.com

ശക്തി തിരിച്ചുകിട്ടി. ജനനത്തിന്റെ വിവരണത്തിൽ ശിശുവിന്റെ പേരിനു വലിയ പ്രാധാന്യം നൽകിയിരിക്കുന്നു. ദൈവം ഓർമിച്ചു എന്നർത്ഥമുള്ള 'സഖാർ' 'യാഹ്‌വേ' എന്ന രണ്ടുവാക്കുകളിൽ നിന്നാണ് സഖറിയാ എന്നപേരിന്റെ ഉത്ഭവം. പിതാവിന്റെ പേര് ആദ്യജാതനു നൽകുക എന്നത് യഹൂദപാരമ്പര്യമായിരുന്നു. എന്നാൽ അതിനു വിപരീതമായി ദൈവംതന്നെ ഒരു പുതിയപേരുനൽകുന്നു. യാഹ്‌വേ+ ഹനാൻ എന്ന രണ്ടുപേരുകൂടിച്ചേർന്ന് 'യോഹന്നാൻ'. 'യാഹ്‌വേ കൃപ നൽകി' അഥവാ 'ദൈവകൃപ' എന്നാണ് പേരിനർത്ഥം. മാതാപിതാക്കന്മാർ ഏകാഭിപ്രായക്കാരായിരുന്നു. സഖറിയായ്ക്കു സംസാരശക്തി തിരിച്ചുകിട്ടിയത് ദൈവവചനം പൂർണമായി അനുസരിച്ചപ്പോഴാണ്. ജനങ്ങളുടെ പൊതുവായ ആശ്ചര്യപ്രകടനം ശിശുവിനെ സംബന്ധിച്ചുള്ള ദൈവികപദ്ധതിയിലേക്ക് വിരൽചൂണ്ടുന്നു.

## സന്ദേശം

1. ദൈവവചനം ശക്തമാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. പറയുന്നത് ദൈവം നിറവേറ്റും. അതിനാൽ സംശയിക്കാതെ വിശ്വസിക്കുക.

2. പേരിന് അർത്ഥമുണ്ട്. തങ്ങളുടെ ശിശുവിന് മാമ്മോദീസായിൽ നൽകുന്നതും വീട്ടിൽ വിളിക്കുന്നതുമായ പേരുകളുടെ അർത്ഥമെന്തെന്ന് മാതാപിതാക്കൾ അറിയണം. പേര് ഒരു നിർവചനമാണ്; ഇടുന്ന ആളിന്റെ സ്വപ്നമാണ്; സ്വീകരിക്കുന്ന ആളിന്റെ ദൗത്യവുമാണ്. എന്താണ് എന്റെ പേരിന്റെ അർത്ഥം?

3. മക്കളുടെ പരിപാലനയിലും പരിശീലനത്തിലും മാതാപിതാക്കൾ തമ്മിൽ ഐക്യമുണ്ടായിരിക്കണം. വളർത്താനായി ദൈവം ഏൽപ്പിച്ചിരിക്കുന്നതാണ് മക്കൾ എന്ന കാര്യം മറക്കരുത്.

4. കർത്താവിന്റെ കരം അവനോടുകൂടെയുണ്ടായിരുന്നു. ഓരോ വ്യക്തിയെ സംബന്ധിച്ചും ദൈവത്തിൽ അനന്യമായൊരു പദ്ധതിയുണ്ട്. അതു തിരിച്ചറിയണം; തിരിച്ചറിയാൻ മക്കളെ പരിശീലിപ്പിക്കണം. അതു തങ്ങളുടെ കടമയും ഉത്തവാദിത്വവുമായി മാതാപിതാക്കൾ മനസ്സിലാക്കണം.

**ഡോ. മൈക്കിൾ കാരിമറ്റം**



www.malankaralibrary.com

# പ്രസംഗം

## ദൈവം കാരുണ്യം കാണിച്ചിരിക്കുന്നു

ഫ്രാൻസിസ് പാപ്പയുടെ ജനശ്രദ്ധയാകർഷിച്ച പ്രബോധനമാണ് *ദൈവത്തിന്റെ നാമം കരുണ*. അതിൽ പാപ്പ ലോകത്തെ കാരുണ്യത്തോടെ കടാക്ഷിക്കുന്ന ദൈവത്തിന്റെ മുഖമാണ് അവതരിപ്പിക്കുന്നത്. പാപ്പ പറയുന്നു: സഭ ലോകത്തെ വിധിക്കാനുള്ളതല്ല, എന്നാൽ ദൈവത്തിന്റെ കരുണയാകുന്ന ആന്തരികസ്നേഹത്താൽ ഒരു സമാഗമം സാധ്യമാക്കാനുള്ളതാണ്. ദൈവം മനുഷ്യനോട് എത്രമാത്രം കാരുണ്യമുള്ളവനാണെന്ന് വെളിപ്പെടുത്താനാണ് പാപ്പ ഇതിലൂടെ ശ്രമിക്കുന്നത്. സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന ദൈവത്തിന്റെ മുഖം കാരുണ്യത്തിന്റേതാണ്. സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള വിവരണം ദൈവം എലിസബത്തിനോട് കാണിക്കുന്ന കാരുണ്യത്തെയാണ് അനുസ്മരിക്കുന്നത്. ദൈവത്തിന്റെ മുഖം കാരുണ്യത്തിന്റേതാണെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു.

ദൈവം എലിസബത്തിന് കാണിച്ചുകൊടുത്തത് കാരുണ്യത്തിന്റെ മുഖമായിരുന്നുവെങ്കിൽ അതേ കാരുണ്യമാണ് പരി. കന്യകാമറിയത്തിലൂടെ തന്റെ തിരുക്കുമാരനെ ലോകത്തിന് നൽകിക്കൊണ്ട് ദൈവം ലോകത്തോട് മുഴുവൻ കാണിച്ചത്. മറിയത്തിന്റെ സ്തോത്രഗീതം ദൈവത്തിന്റെ കാരുണ്യമുള്ള മുഖമാണ് വിവരിക്കുന്നത്. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു (ലൂക്കാ 1: 54). ലോകത്തോടുള്ള ദൈവത്തിന്റെ അനന്തകാരുണ്യമായ ക്രിസ്തുവിനെ ലോകത്തിന് പ്രദാനം ചെയ്തുകൊണ്ട് ദൈവം തന്റെ സ്നേഹം മനുഷ്യന് വെളിപ്പെടുത്തി. ആ രക്ഷകന് വഴിയൊരുക്കാൻ ലോകത്തിലേക്കുവരുന്ന സ്നാപകന്റെ ജനനവും ദൈവം പ്രദാനം ചെയ്യാൻ പോകുന്ന കാരുണ്യത്തെയാണ് അനുസ്മരിപ്പിക്കുന്നത്.



www.malankaralibrary.com

ദീർഘനാളായുള്ള സഖറിയ- എലിസബത്ത് ദമ്പതികളുടെ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഫലമായി ദൈവം പ്രദാനം ചെയ്യുന്ന ദാനമാണ് സ്നാപകയോഹന്നാൻ. ആ പേരിന്റെ അർത്ഥം തന്നെ 'ദൈവകൃപ ദൈവം കാരുണ്യം കാണിച്ചിരിക്കുന്നു' എന്നാണ്. ദൈവം അവരുടെ പ്രാർത്ഥനയ്ക്കും കരച്ചിലിനും നൽകിയ ഉത്തരമാണ് ഈ ശിശു. അതുകൊണ്ടുതന്നെ ഇത് ദൈവത്തിന്റെ കാരുണ്യമായി അവർ തിരിച്ചറിഞ്ഞു. ദൈവം തന്റെ ജനത്തോട് കാണിക്കുന്ന കാരുണ്യത്തെ ആദിമകാലംമുതൽ കണ്ടുമുട്ടാൻ സാധിക്കും. അബ്രാഹത്തിന്റെയും സാറായുടെയും ജീവിതംമുതൽ ലോകത്തിലെ എല്ലാ സൃഷ്ടികളിലൂടെയും വെളിപ്പെട്ടിരിക്കുന്നു.

കാരുണ്യം സ്വീകരിക്കുമ്പോഴുണ്ടാകുന്ന സന്തോഷംപോലെയാണ് മറ്റൊരാൾക്ക് നാം കാരുണ്യപൂർവം നൽകുമ്പോഴുണ്ടാകുന്ന സന്തോഷവും. ദൈവം തന്റെ മക്കൾക്ക് നൽകുന്ന ദാനം അവിടുത്തെ കാരുണ്യമാണ്. അത് സ്വീകരിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന സന്തോഷംപോലെയാണ് അത് നൽകുന്ന ദൈവത്തിനുണ്ടാകുന്ന സന്തോഷവും. ഓരോ ശിശുവും പിറന്നുവീഴുമ്പോൾ അതിൽ ദൈവകാരുണ്യത്തിന്റെ അനുഭവം ആസ്വദിക്കാൻ കഴിയണം. ഭ്രൂണഹത്യയും ശിശുക്കൾക്കുനേരെയുണ്ടാകുന്ന അക്രമവുമെല്ലാം മാരകപാപമായാണ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത്. ഓരോ ശിശുവും പീഡിപ്പിക്കപ്പെടുമ്പോൾ അവിടെ ദൈവകാരുണ്യത്തിൽനിന്നുള്ള അകൽച്ചയാണ് സംഭവിക്കുന്നത്. മധുസൂദനൻനായരുടെ കവിതയിലെ വരികൾ ഇപ്രകാരമാണ്:

ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ-
ഒരു കോടി ഈശ്വരവിലാപം
ഓരോ കരിന്തിരിക്കണ്ണിലും കാൺമൂ ഞാൻ-
ഒരു കോടി ദേവനൈരാശ്യം.

ഏതൊരു കുഞ്ഞും ജന്മമെടുക്കുന്നത് ഓരോ ദൈവനിയോഗത്തോടെയാണ്. സ്നാപകയോഹന്നാന്റെ ജനനത്തിലും ദൈവം ഒരു നിയോഗം കരുതിവച്ചിരുന്നു. അതാണ് ക്രിസ്തുവിന് വഴിയൊരു



www.malankaralibrary.com

ക്കുകയെന്നത്. അതിനായി കർത്താവിന്റെ കരം അവനോടുകൂടെയുണ്ടായിരുന്നു (ലൂക്കാ 1:66). ദൈവം നമ്മെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നത് ഓരോ നിയോഗവുമായാണ്. നമ്മുടെ ദൈവനിയോഗം തിരിച്ചറിയാനും അതിനനുസരിച്ച് പ്രവർത്തിക്കാനും പരിശ്രമിക്കാം. അത് പൂർത്തീകരിക്കാൻ ദൈവത്തിന്റെ കരം നമ്മോടുകൂടെയുണ്ട്. ജീവിതപ്രതിസന്ധികൾ നമ്മെ അലട്ടുമ്പോൾ നാം നമ്മുടെ നിയോഗങ്ങളെ മറന്നുപോകുന്നുണ്ടോ? നാം നിരാശരാകാറുണ്ടോ? ഉണ്ടെങ്കിൽ നാം ദൈവികകാരുണ്യത്തെ മനസ്സിലാക്കാത്തതുകൊണ്ടാണ്. നമുക്കും അനുദിനം നമ്മുടെ ജീവിതനിയോഗം എന്താണെന്ന് തിരിച്ചറിഞ്ഞ് ദൈവത്തിന്റെ കാരുണ്യത്തിൽ ആശ്രയിച്ചുജീവിക്കാം. അതിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

**ഫാ. സുബിൻ കിടങ്ങേൻ**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ
08

# വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ

## പ്രസംഗം

### അമലോത്ഭവമായിരിക്കട്ടെ ജീവിതലക്ഷ്യം

ഈശോയുടെ അമ്മയായ പരി. മറിയം പാപലേശമെന്യേ അമ്മയുടെ ഉദരത്തിൽ ഉത്ഭവിച്ചതിന്റെ ഓർമയാണ് ഡിസംബർ 8-ന് സഭ പ്രത്യേകമായി അനുസ്മരിക്കുന്നത്. പുത്രനായ ഈശോയുടെ യോഗ്യതകളെ മുൻനിർത്തി, ദൈവകൃപയാൽ ഉത്ഭവപാപത്തിന്റെ കറകളിൽനിന്നും വിമുക്തയായി പരി. അമ്മ രൂപംകൊണ്ടു എന്നതിനെ നാം വിശ്വസിക്കുകയും ആ വിശ്വാസത്തെ സധൈര്യം ഉദ്ഘോഷിക്കുകയാണ് അമലോത്ഭവ തിരുനാൾ ദിനത്തിൽ. ഈ വിശ്വാസത്തിന് സഭ നൽകുന്ന യുക്തി ഇതാണ്: ആദ്യപാപംനിമിത്തം എല്ലാ മനുഷ്യരും ഉത്ഭവപാപത്തോടെയാണ് ജനിക്കുന്നത്. മറിയവും ഈ നിയമത്തിന് വിധേയമായി ഉത്ഭവപാപത്തോടെയാണ് ജനിച്ചിരുന്നതെങ്കിൽ പാപംകൊണ്ട് മലിനമായൊരു ഉദരത്തിലാകുമായിരുന്നു ലോകരക്ഷകനായ യേശുവിന്റെ ഉത്ഭവം. അത് അവിടുത്തെ പരിശുദ്ധിക്കു നിരക്കാത്ത കാര്യമായിരുന്നതുകൊണ്ട് യേശുവിന്റെ രക്ഷാകരദൗത്യത്തിന്റെ യോഗ്യത മുൻകൂറായി നൽകി ദൈവം മറിയത്തെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ നിർമ്മലയായി കാത്തുസൂക്ഷിച്ചു. "ദൈവത്തിന് അത് യുക്തമായിരുന്നു; അത് കഴിയുമായിരുന്നു; അതുകൊണ്ട് അവിടുന്ന് അങ്ങനെ ചെയ്തു." 1854 ഡിസംബർ 8-ന് ഒൻപതാം പീയൂസ് പാപ്പ തിരുസ്സഭയിലെ ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ച മറിയത്തിന്റെ അമലോത്ഭവത്തെ പരി. അമ്മതന്നെ നേരിട്ട് സ്ഥിരീകരിച്ചുവെന്നുള്ളത് ഈ വിശ്വാസത്തിന്റെ ആധികാരികത കൂട്ടുന്നുണ്ട്; 1858-ൽ ലൂർദിൽവച്ച് വി. ബർണ്ണർദീത്താക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് മറിയം പറഞ്ഞു: "ഞാൻ അമലോത്ഭവയാണ്" എന്ന്.



www.malankaralibrary.com

വി. പൗലോസ് എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു: “തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുൻപുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു” (എഫേ 1:4).

അമലോത്ഭവം പരി. അമ്മയെക്കുറിച്ചുള്ള സ്വർഗത്തിന്റെ സ്വപ്നമായിരുന്നുവെങ്കിൽ അമലോത്ഭവ ജീവിതം പരിശുദ്ധ അമ്മയെപ്പോലെതന്നെ ഓരോ മനുഷ്യന്റെയും സ്വർഗത്തിനുവേണ്ടിയുള്ള തീരുമാനവും പരിശ്രമവും സ്വപ്നവുമാകണം. നമ്മിൽ രൂപം കൊള്ളുന്ന ചിന്തകളും വാക്കുകളും പ്രവൃത്തികളും പാപരഹിതമായിരിക്കാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. അതിന് നമുക്ക് മാതൃകയും പ്രചോദനവും അമലോത്ഭവയായി ജനിച്ച്, അമലമനോഹരിയായി ജീവിച്ച പരിശുദ്ധ അമ്മതന്നെയാണ്.

അമ്മയെ മാതൃകയാക്കാൻ ആ അമ്മ എങ്ങനെ അമലോത്ഭവം ജീവിച്ചു എന്ന് നാം മനസ്സിലാക്കണം. രക്ഷാകരപദ്ധതിയുടെ ഭാഗമാക്കിയ ദൈവനിയോഗത്തോട് വിശ്വസ്തത പുലർത്തിയ അമ്മ ദൈവികപദ്ധതികളോടും ദൈവികതീരുമാനങ്ങളോടും “ഇതാ കർത്താവിന്റെ ദാസി” യെന്ന് പറഞ്ഞുകൊണ്ടേയിരുന്നു.

ജീവിതയാഥാർത്ഥ്യങ്ങൾക്ക് മുൻപിൽ മനുഷ്യജീവിതങ്ങൾ പതറിപ്പോകുന്ന, പരീക്ഷണങ്ങൾക്കും പ്രലോഭനങ്ങൾക്കും മുൻപിൽ നിർലോഭം വീണുപോകുന്ന ഈ കാലഘട്ടത്തിൽ അമ്മ പഠിപ്പിക്കുന്ന നിലപാടുകൾ നമ്മുടെ ജീവിതത്തിന്റെ മനോഭാവമാകണം.

നസ്രത്തിലെ വീട്ടിൽ ഗബ്രിയേൽദൂതനോട് പറഞ്ഞ “ഇതാ കർത്താവിന്റെ ദാസി” എന്ന പ്രത്യുത്തരവും കാനായിലെ കല്ല്യാണവിരുന്നിലെ “അവൻ പറയുന്നതുപോലെ ചെയ്യുവിൻ” എന്ന് പറഞ്ഞ ഇടപെടലും നിസ്സഹായമാക്കപ്പെട്ട മനുഷ്യജീവിതത്തിന്റെ രോദനമല്ല; മറിച്ച് ദൈവേഷ്ടത്തോട് സ്വന്തം ഇഷ്ടങ്ങൾ ചേർത്തുവച്ച് അത്ഭുതങ്ങൾക്ക് വഴിയൊരുക്കുന്ന മനോഭാവത്തിന്റെ നേർസാക്ഷ്യമാണ്. അന്നും ഇന്നും കാലഘട്ടത്തിന്റെ അത്ഭുതമായ അമലോത്ഭവത്തിനും അമലമനോഹരമായ ജീവിതത്തിനും ഉടമയായത് ജീവിതാനുഭവങ്ങളെയും സാഹചര്യങ്ങളെയും ദൈവികതയുടെ കണ്ണുകളിൽകൂടി കണ്ട ഈ മനോഭാവത്തിലൂടെയാണ്.



www.malankaralibrary.com

“അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു” എന്ന അമ്മയുടെതന്നെ വാക്കുകൾ ദൈവികപദ്ധതികളോട് സഹകരിച്ച് വിജയിച്ചതിന്റെ ആത്മസാക്ഷാത്ക്കാരമാണ്. “എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് കീർത്തിക്കും” എന്ന സാക്ഷ്യം സ്വർഗീയ ജീവിതത്തിന് ഒരു സ്വർഗീയപ്രതിഫലമുണ്ടെന്ന അമ്മയുടെ ഓർമ പ്പെടുത്തലാണ്.

പരിശുദ്ധ അമ്മയുടെ അമലോത്ഭവം സഭ ഒരു വിശ്വാസസത്യ മായി പ്രഖ്യാപിച്ചത് നമുക്കുവേണ്ടിയാണ്. നമ്മുടെ അനുദിനജീവി തത്തിൽ ഇത് ഒരു പ്രചോദനവും പ്രത്യാശയുമായി നിലകൊള്ളാനും അമലോത്ഭവയായ അമ്മയുടെ കരംപിടിച്ച് യാത്ര ചെയ്യാനുമാണ്. അമലോത്ഭവയും അമലമനോഹരിയുമായ പരിശുദ്ധ അമ്മയുടെ കരംപിടിച്ച് അമലോത്ഭവമായതിന് മാത്രം നമ്മുടെ ജീവിതത്തിൽ ഇടം കൊടുക്കാനും അമലോത്ഭവമായതിനെ മാത്രം ജീവിതത്തിൽ ലക്ഷ്യംവയ്ക്കാനും നമുക്ക് പരിശ്രമിക്കാം.

പാപരഹിതമായി ജീവിക്കാൻ പാപരഹിതയായി ജനിച്ച്, പാപ രഹിതയായി ജീവിച്ച പരിശുദ്ധ അമ്മ നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കട്ടെ.

**ഫാ. സിനോജ് ഇരട്ടക്കാലായിൽ mcbs**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ
13

# മാർയൗസേപ്പിനുണ്ടായ ദർശനം

## ഭാഷ്യം

### മത്താ 1:18-25

### സന്ദർഭം

യേശുവിന്റെ വംശാവലി അവതരിപ്പിച്ചുകൊണ്ടാണ് മത്തായി സുവിശേഷം ആരംഭിക്കുന്നത്. പൂർവപിതാവായ അബ്രാഹത്തിൽ തുടങ്ങുന്ന വംശാവലി വിവരണത്തിൽ 'എഗേന്നെസ്സൻ' (ജനിപ്പിച്ചു/ പിതാവായിരുന്നു) എന്നക്രിയ 39 പ്രാവശ്യം ഉപയോഗിക്കുന്നു. എന്നാൽ വംശാവലി യേശുവിൽ എത്തുമ്പോൾ മറിയത്തിന്റെ ഭർത്താവായ ജോസഫിനെക്കുറിച്ചുള്ള പരാമർശത്തിനുശേഷം 'അവളിൽ നിന്ന് ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു' എന്ന് 'എഗന്നേസേ' എന്ന കർമണിപ്രയോഗത്തിലൂടെ സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഇത് യേശുവിന്റെ പിതാവ് ജോസഫല്ല എന്നു സ്ഥാപിക്കുന്നു. അങ്ങനെയെങ്കിൽ യേശു എങ്ങനെ ജനിച്ചു? എങ്ങനെയാണ് യേശു ദാവീദിന്റെ ഭവനത്തിലേക്കുൾച്ചേർക്കപ്പെട്ടത്? ഇവയ്ക്കുള്ള ഉത്തരമാണ് ഇന്നത്തെ സുവിശേഷഭാഗം.

### സാരം

രക്ഷകനായ ക്രിസ്തുവിന്റെ ജനനത്തിൽ മറിയത്തോടൊപ്പം നിർണായകമായ പങ്കുവഹിച്ച വ്യക്തിയാണ് ജോസഫ്. മറിയത്തിനു യാതൊരുവിധത്തിലും അപമാനമുണ്ടാകാതിരിക്കാൻ ശ്രദ്ധാലുവായിരുന്ന അദ്ദേഹം സ്വപ്നത്തിലൂടെ വെളിപ്പെട്ട ദൈവഹിതനിർവഹണത്തിനായി തന്റെ ജീവിതം സമർപ്പിച്ചുകൊടുത്തുകൊണ്ട് രക്ഷാകരപദ്ധതിയോട് സഹകരിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവർത്തന



www.malankaralibrary.com

ത്തിൽ ജനിച്ച ശിശുവിന് 'യേശു' എന്നുപേരിട്ടുകൊണ്ട് ദാവീദിന്റെ ഭവനത്തിലേക്ക് ജോസഫ് ഉൾച്ചേർക്കുന്നു.

### സന്ദേശം

ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ള ശ്രദ്ധയും മറ്റുള്ളവരുടെ സത്പേരും നന്മയും നിലനിർത്താനുള്ള കരുതലും നമ്മെ യഥാർത്ഥക്രിസ്തുശിഷ്യരാക്കി മാറ്റുന്നു.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

---

# പ്രസംഗം

## കരുതലും കാവലും

ഒരിക്കൽ ചെറിയ കുട്ടികൾ മാത്രമുള്ള വിശ്വാസപരിശീലനക്ലാസ്സിൽ ടീച്ചർ വളരെ നാടകീയമായി അബ്രാഹത്തിന്റെ ബലി അവതരിപ്പിക്കുകയാണ്. കുട്ടികൾ ശ്വാസമടക്കി അത് കേട്ടുകൊണ്ടിരിക്കുന്നു. അബ്രാഹം ഇസഹാക്കിനെ ബലിക്കല്ലിനോട് ചേർത്തു കിടത്തി അവന്റെ തലയറുക്കാനായി കത്തി ഉയർത്തുകയാണ്. ഉയർന്നുപൊങ്ങിയ കത്തി താഴുന്നതിന് ഒരൽപ്പംമുൻപ് മാലാഖയുടെ സ്വരം: 'അരുത് അവനെ ഒന്നും ചെയ്യരുത്.' കഥ കേട്ട് കുട്ടി കരയുകയാണ്. എന്തിനെന്ന് ചോദ്യമുയരുമ്പോൾ അവൻ പറഞ്ഞവസാനിപ്പിക്കുന്നതിങ്ങനെയാണ്: ആ മാലാഖയെങ്ങാനും ഒരൽപ്പം വൈകിയിരുന്നുവെങ്കിൽ ഇസഹാക്കിന്റെ അവസ്ഥ എന്താകുമായിരുന്നു. ടീച്ചർ മറുപടി പറഞ്ഞു: മാലാഖാമാർ ഒരിക്കലും വൈകാറില്ല, അതുകൊണ്ടാണവരെ മാലാഖമാരെന്നു വിളിക്കുന്നത്. അബ്രാഹത്തിനു മാലാഖയെന്നപോലെ മറിയത്തിനു ദൈവം നൽകിയ അനുഗ്രഹത്തിന്റെ പേരാണ് ജോസഫ്. ഇന്നത്തെ സുവിശേഷം സവിശേഷമായ രീതിയിൽ ക്രിസ്തുവിന്റെ തിരുജനനത്തെ അടയാളപ്പെടുത്തി നമ്മുടെ മുൻപിൽ അവതരിപ്പിക്കുമ്പോൾ മറവിയിലേക്കു വഴുതിപോവാതെ ഓർമകളുടെ നനവേറ്റ് വേരുപിടിക്കേണ്ട ആഴവും അഴകുമുള്ള ഒരു നാമധേയമുണ്ട്: ജോസഫ്.



www.malankaralibrary.com

നിയമത്തിന്റെ നിബന്ധനകൾക്കും സ്നേഹത്തിന്റെ നിർബന്ധത്തിനുമിടയിൽ തളയ്ക്കപ്പെട്ടുപോയ ഒരു മനുഷ്യൻ ആർക്കും പരിക്കില്ലാത്ത രീതിയിൽ എല്ലാം അവസാനിപ്പിക്കാൻ തുടങ്ങുമ്പോഴാണ് അവനു ദൈവത്തിന്റെ ദർശനം. ദർശനത്തിനുശേഷമുള്ള ജോസഫിന്റെ അനുസരണം രക്ഷാകരചരിത്രത്തിൽ അതിപ്രധാനമാണ്. എല്ലാ അർത്ഥത്തിലും സംശയത്തിന്റെ കാറ്റിൽ അണഞ്ഞുപോവേണ്ടിയിരുന്ന ഒരു ദാമ്പത്യത്തെ ജോസഫെന്ന തച്ചൻ സംരക്ഷിച്ചതിന്റെ ചരിത്രമാണത്. ജോസഫില്ലായിരുന്നുവെങ്കിൽ മറിയം എന്തുചെയ്തേനെ! ദൈവത്തിനു ആമ്മേൻ പറഞ്ഞവൾക്ക് ദൈവം നൽകിയ കരുതലിന്റെ പേരാണ് ജോസഫ്.

ക്രിസ്തുവിനെ രൂപപ്പെടുത്തിയ ആത്മീയപരിസരങ്ങളിലൊന്നിന്റെ പേരാണ് ജോസഫ്. സുവിശേഷം അവനെ അടയാളപ്പെടുത്തുന്നത് നീതിമാനെന്നാണ്. ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകലാണ് നീതി. ദൈവത്തിനു ആരാധന, മറിയത്തിനു സംരക്ഷണം, ക്രിസ്തുവിനു വാത്സല്യം. ജോസഫ് ഒന്നും നിഷേധിക്കുന്നില്ല. എല്ലാമങ്ങനെ സമൃദ്ധിയിൽ നൽകിയവനെ ദൈവം പേരിട്ടു വിളിച്ചു 'നീതിമാൻ.' അപരജീവിതത്തിന്റെ ഇരുൾ വഴികളിൽ തിരിപോലെ എരിഞ്ഞു പ്രകാശമാകുമ്പോൾ, ജീവിതത്തിന്റെ നൊമ്പരങ്ങൾക്കുമീതെ വിറങ്ങലിച്ചു നിൽക്കുന്നവന്റെയരികിൽ അഭയമായും ആശ്രയമായും നീയണയുമ്പോൾ ദൈവം ഹൃദയാർദ്രതയോടെ നിന്നെ വിശേഷിപ്പിക്കും 'നീതിമാൻ' എന്ന്. നീതി നിറഞ്ഞവനായ ജോസഫിന്റെ ജീവിതത്തിലൂടെ ദൈവം നമ്മോടു പറയുക: ദൈവമിങ്ങനെ ബുദ്ധിമുട്ടിക്കുന്നത് ദൈവത്തോട് മുട്ടിനിൽക്കാനാണ് എന്നാണ്.

ദൈവം പിറകെ നടന്ന് ബുദ്ധിമുട്ടിച്ചവന്റെ പേരാണ് ജോസഫ്. ഒരുവേള വിശ്രമിക്കാൻപോലും അനുവദിക്കാതെ ദൈവം ആദ്യമവന്റെ ഉറക്കത്തെ അപഹരിക്കുകയാണ്. അങ്ങനെ തന്റെ ആദ്യദർശനത്തിൽ സ്വന്തം അഭിലാഷങ്ങൾക്ക് അടിയറ നൽകണമെന്ന് ദൈവം അവനോട് ആവശ്യപ്പെടുകയാണ്. ബേത്‌ലഹെമിലേക്ക് പേരെഴുതിച്ചേർക്കാനാണ് പിന്നീടവന്റെ യാത്ര. ഭാര്യയ്ക്ക് പ്രസവിക്കാൻ ഒരിടം തേടിയാണ് പിന്നീടുള്ള അവന്റെ അലച്ചിൽ. വീണ്ടുമൊന്ന് ഉറങ്ങിവരവെ ദൈവം വീണ്ടും പറയുകയാണ്: 'എഴുന്നേറ്റ് ഈജിപ്തിലേയ്ക്ക് പലായനം ചെയ്യുക.' പിന്നീടവിടെനിന്ന് നസ്രത്തിലേയ്ക്ക്. ഇങ്ങനെ ദൈവത്തിനുവേണ്ടി ഓടിയോടിത്തളർന്ന ജോസ



www.malankaralibrary.com

ഫെന്ന കഥാപാത്രത്തിനു സുവിശേഷം തിരശ്ശീലമനയുന്നത് അവൻ ദൈവാലയമെന്ന അരങ്ങിലായിരിക്കുമ്പോഴാണ്.

ബാലനായ യേശുവിനെ തിരഞ്ഞ് ജറുസലെം ദൈവാലയത്തിന്റെ അകത്തളത്തിലേക്ക് പ്രവേശിക്കുന്ന ജോസഫ്. അതാണ് ജോസഫിനെക്കുറിച്ചുള്ള അവസാനസുവിശേഷദർശനം. ജോസഫിലൂടെ ദൈവം നിന്നോടു പറയുകയാണ്: "ദൈവമിങ്ങനെ ബുദ്ധിമുട്ടിയ്ക്കുന്നത് ദൈവത്തോട് മുട്ടിനിൽക്കാനാണ്. അങ്ങനെയുള്ളവർക്ക് ദൈവത്തിന്റെ അരികിലാണ് സ്ഥാനം. നിന്റെ ജീവിതപ്രശ്നങ്ങൾ, പ്രതിസന്ധികൾ അവയെല്ലാം ക്രിസ്തുവിലേക്കുള്ള നിന്റെ ജീവിതത്തിന്റെ തുറവാണ്.

അവയെ ഹൃദയപൂർവം സ്വീകരിച്ചാൽ, അവയോട് സഹനപൂർവം സഹകരിച്ചാൽ ഒടുവിൽ നീയണയുന്ന ഇടം ദൈവമായിരിക്കും. കുടുംബത്തിൽനിന്നും തിരുക്കുടുംബത്തിലേക്കുള്ള ദൂരമറിയണമെങ്കിൽ ജോസഫിനെയറിയണം. ജീവിതത്തിന്റെ ഇരവുപകലുകളിലത്രയും അവനാലോചന നടത്തുന്നത് ദൈവത്തോടാണ്. ജോസഫ് തന്റെ ചോദ്യങ്ങൾക്ക് ഉത്തരം തിരയുന്നത് ദൈവത്തിൽനിന്നും മാത്രമാണ്. അങ്ങനെ ചോദ്യമെറിഞ്ഞ്, ഉത്തരമറിഞ്ഞ് ദൈവഹിതത്തോട് ആമ്മേൻ പറഞ്ഞവ അനുവർത്തിക്കുമ്പോൾ, എന്റെ ഹിതമല്ല നിന്റെ ഹിതംമാത്രം മതിയെന്നുപറഞ്ഞ് ജീവിതത്തെ ക്രമീകരിക്കുമ്പോൾ കുടുംബം 'തിരുക്കുടുംബ'മാവുകയാണ്. അവിടെയാണ് ക്രിസ്തു പിറക്കുന്നത്.

നമ്മുടെയുള്ളടരുകളിലേക്ക് അണയുന്ന ക്രിസ്തുസാന്നിധ്യത്തിന് ആമ്മേൻ പറഞ്ഞുകൊണ്ട് അവനിൽ നമുക്ക് രൂപപ്പെടാം, അവനിലേക്ക് രൂപാന്തരപ്പെടാം.

**ഫാ. ജെയ്സൺ തൃക്കോയിക്കൽ mcbs**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ
20

# യൽദായ്ക്കു മുമ്പുള്ള ഞായർ

## ഭാഷ്യം

ലൂക്കാ 2:1-5

### സന്ദർഭം

ലോകം കേൾക്കാൻ കൊതിച്ച് കാത്തിരിക്കുന്ന രക്ഷാകരചരിത്രത്തിലെ നിർണായക സംഭവം- മനുഷ്യരക്ഷകന്റെ ജനനവാർത്തയാണ് വചനസന്ദർഭം. ചരിത്രം ഒരു തുടർച്ചയാണെന്ന് ഓർമപ്പെടുത്തിക്കൊണ്ട്, പഴയനിയമ പ്രവാചകനിയമത്തിലെ അവസാനത്തെ കണ്ണിയായ യോഹന്നാനെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചുകൊണ്ടാണ് ഒന്നാം അധ്യായം അവസാനിപ്പിച്ചത്. താപസന്റെ ജീവിതശൈലിയും മരുഭൂമിയുടെ ഭീതിതപ്പെടുത്തുന്ന അന്തരീക്ഷത്തിൽ നിന്നും (1:80) വ്യത്യസ്തമായി മനുഷ്യരുടെ ഇടയിൽ വസിക്കാൻ വന്ന യേശുവിന്റെ ജനനം, സുവിശേഷരചനയിലെ അതിമനോഹരമായ ഒരു ഏടാണ്.

### സാരം

യേശു സർവലോകരക്ഷകനാണെന്ന സൂചന നൽകാനായി ഒരു കാനേഷുമാരി- ജനസംഖ്യ കണക്കെടുപ്പ് അവതരിപ്പിച്ചാണ് യേശുവിന്റെ പിറവിയുടെ പശ്ചാത്തലം ഒരുക്കുന്നത്. യേശുവിനെ സ്വീകരിക്കുന്നതിന്റെയും തിരസ്ക്കരിക്കുന്നതിന്റെയും സൂചികയാണ്, പുൽതൊട്ടിയിലെ പിറവിയും സത്രത്തിൽ ഇടം കിട്ടിയില്ലായെന്ന പരാമർശവും.



www.malankaralibrary.com

## സന്ദേശം

1. യേശു ചരിത്രപുരുഷനാണ് എന്ന് കൃത്യമായി ഓർമപ്പെടുത്തുന്നതാണ് പിറവി വിവരണം. സീസറും, ക്വിറീനിയോസും എല്ലാം യഹൂദറോമൻചരിത്രത്താളുകളിൽ ഇടംപിടിച്ചവരാണ്. അബ്രാഹത്തോട് ദൈവം ചെയ്ത ഉടമ്പടിയുടെ പൂർത്തീകരണമായി (12:2) യേശു സർവജനത്തിനും അനുഗ്രഹമായി തീരുകയാണ്. ദാവീദിന്റെ ഗോത്രവും കുലവും ഗലീലി, ബേത്‌ലഹേം എന്നീ പരാമർശങ്ങളും തെരഞ്ഞെടുക്കപ്പെട്ട ജനതയിൽ ഉൾപ്പെട്ടവനാണ് യേശുവെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. യഹൂദപാരമ്പര്യത്തിൽ തുടങ്ങി, സാർവത്രികതയിലെത്തിനിൽക്കുന്നതാണ് മനുഷ്യാവതാരസത്യം. അതുകൊണ്ടുതന്നെയാണ് ക്രിസ്തുവും ക്രിസ്തുപഠനങ്ങളും ഇന്നും കാലാതീതമായി പ്രസക്തമാകുന്നത്.

2. സാർവത്രികതയിൽനിന്നും യഹൂദപശ്ചാത്തലത്തിലേക്കും അവസാനം ഒരു കുടുംബത്തിലേക്കും രക്ഷാകരചരിത്രം എത്തിനിൽക്കുന്നതിന്റെ ആഴമേറിയ ദർശനമാണ് പിറവിയുടെ വിവരണം നമ്മിൽ ഉണർത്തുന്നത്. മംഗളവാർത്തയിൽ പറഞ്ഞകാര്യങ്ങളുടെ പൂർത്തീകരണവും ഗർഭിണിയായ മറിയത്തെയും അവൾക്കും കുഞ്ഞിനും താങ്ങായി, തണലായി യൗസേപ്പിനെയും നാം കാണുന്നു. കുടുംബത്തിലാണ് മനുഷ്യരക്ഷയുടെ വിത്ത് പൊട്ടിമുളക്കുന്നത്. ലോകത്തിന്റെ നിലനിൽപ്പുതന്നെ കുടുംബങ്ങളെ കേന്ദ്രീകരിച്ചാണല്ലോ. അതുകൊണ്ടുതന്നെ; അമ്മയുടെ വാത്സല്യവും വേദനയും അപ്പന്റെ സംരക്ഷണവും സഹനവും എല്ലാമാണ് ഒരു കുഞ്ഞിന്റെ പിറവിയുടെയും വളർച്ചയുടെയും പിന്നിലെന്ന് നാം തിരിച്ചറിയുന്നു. ഓരോ ക്രിസ്മസ് വരുമ്പോഴും നാം നമ്മുടെ അസ്തിത്വത്തിന് വിത്തും വളവും ആയിത്തീർന്ന നമ്മുടെ കുടുംബത്തെക്കുറിച്ചും മാതാപിതാക്കളെക്കുറിച്ചും ധ്യാനിക്കണം. കുടുംബത്തെ മറന്ന് ഒരു രക്ഷാനുഭവവുമില്ല എന്ന് യേശു ധൂർത്തപുത്രന്റെ തിരിച്ചുവരവനുഭവത്തിലൂടെ പറയുന്നുമുണ്ട്.

3. പിള്ളക്കച്ചയും പുൽതൊട്ടിയും എല്ലാം സമൂഹത്തിന്റെ പിന്നാമ്പുറങ്ങളെ ഓർമപ്പെടുത്തുന്നു. തുറന്ന ആകാശത്തിനുകീഴെ, നക്ഷത്രങ്ങളെ സാക്ഷിയാക്കി, ഈ സുന്ദരപ്രപഞ്ചത്തിന്റെ വിരിമാറിലേക്കാണ് മനുഷ്യപുത്രൻ പിറവികൊള്ളുന്നത്. അതുപിന്നീട് ആകാശത്തിനും ഭൂമിക്കും നടുവിൽ കാൽവരിക്കുന്നിന്റെ വിജനതയിലാണ്



www.malankaralibrary.com

അവസാനിക്കുന്നതും എന്നത് കാലിത്തൊഴുത്തും കാൽവരിയും കണ്ണിലേക്ക് ചേർക്കപ്പെടുന്നതിന്റെ നേർസാക്ഷ്യമാണ്. സുരക്ഷിതത്വത്തിന്റെയും സുഖത്തിന്റെയും ഇടമായ സത്രം അവർക്ക് അപ്രാപ്യമായിരുന്നു. പിന്നാമ്പുറങ്ങളിലാണ് ലോകത്തിന് പ്രതീക്ഷ നൽകുന്ന ജന്മങ്ങൾ സംഭവിക്കുന്നത് എന്നും ഇത് ഓർമിപ്പിക്കുന്നു.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## ചെറുതാകാൻ...!

റോമൻ ആധിപത്യത്തിൻ കീഴിലുള്ള രാജ്യങ്ങളിൽ കാലാകാലങ്ങളിൽ സെൻസസ് (ജനസംഖ്യാ കണക്കെടുപ്പ്) എടുക്കുക പതിവായിരുന്നു. നിർബ്ബന്ധിത സൈനികസേവനത്തിന് ആളുകളെ കണ്ടെത്തുന്നതിനും നികുതി നിശ്ചയിക്കുന്നതിനുമായിരുന്നു ഇങ്ങനെ ചെയ്തത്. യഹൂദരെ യുദ്ധസേവനത്തിൽ നിന്നൊഴിവാക്കിയിരുന്നതിനാൽ പലസ്തീനായിലെ സെൻസസ്, നികുതി പിരിവ് ഉദ്ദേശിച്ചായിരുന്നു എന്നു മനസ്സിലാക്കാം. ഓരോ പതിനാലുവർഷം കൂടുംതോറും നട ത്തുന്ന ഇത്തരമൊരു സെൻസസിൽ പങ്കെടുക്കാൻ വേണ്ടിയാണ് ജോസഫ് മറിയത്തോടൊപ്പം ബെത്‌ലഹേമിലേക്കു പോകുന്നത്.

ഓരോ പുരുഷനും അയാളുടെ ഗോത്രത്തിന്റെ അല്ലെങ്കിൽ വംശത്തിന്റെ ആസ്ഥാനത്താണ് പേരെഴുതൽ നടത്തേണ്ടത്. ദാവീദിന്റെ ഗോത്രത്തിൽപെട്ട ആളായിരുന്നു ജോസഫ്. അതുകൊണ്ടാണ് നസ്രത്തിൽനിന്ന് 80 മൈൽ അകലെയുള്ള, ദാവീദിന്റെ പട്ടണമായ ജറുസലേമിലേക്ക് മറിയവും ജോസഫും യാത്രയാവുന്നത്. നിയമം അനുസരിക്കുന്ന ഒരു പൗരൻ എന്ന നിലയിൽ തന്റെ കർത്തവ്യം ജോസഫ് നിറവേറ്റുന്നു.

വിവിധ സ്ഥലങ്ങളിൽനിന്ന് ധാരാളം ആളുകൾ പേരു ചേർക്കാനായി എത്തും. ആളുകൂടുന്നിടത്ത് കച്ചവടസാധ്യത ധാരാളമുള്ളതുകൊണ്ട് കച്ചവടക്കാരുടെ തിരക്കുകൂടി ഏറിയതോടെ സത്രങ്ങളിലൊന്നും ഇടമില്ലാതായി. അക്കാലത്ത് സത്രങ്ങളിൽപോലും വളരെ പരിമിതമായ സൗകര്യങ്ങളെ കാണാനിടയുള്ളൂ. വലിയ വാടക കൊടു



www.malankaralibrary.com

ത്ത് മുറിവാങ്ങാൻ തക്കവണ്ണം സാമ്പത്തികശേഷി ഉള്ളവരായിരുന്നില്ല ജോസഫും മറിയവും.

മറിയം പൂർണ്ണഗർഭിണിയാണ്. ആ ആനുകൂല്യമൊന്നും ഒരു മുറി തരപ്പെട്ടുകിട്ടാൻ കാരണമായില്ല. അവളെ എവിടേക്കെങ്കിലും കൊണ്ടുപോയേ പറ്റൂ. ബേത്‌ലഹെം പട്ടണത്തിനു ചുറ്റുമുള്ള കുന്നുകളിലെ ഗുഹകളിൽ ആടുമാടുകൾ രാത്രി ഉറങ്ങാറുണ്ട്. ഇപ്പോഴും അവിടെ ഇത്തരം ഗുഹകൾ കാണാൻ കഴിയും. പാരമ്പര്യവിശ്വാസമനുസരിച്ച് ജോസഫ്, മറിയത്തെ ഇത്തരം ഒരു ഗുഹയിലേക്കുകൊണ്ടുപോയി. അവിടെ അവൾ യേശുവിനു ജന്മം നൽകി.

ഇക്കാലത്ത് ഗർഭം എന്നു കേൾക്കുമ്പൊഴെ സ്ത്രീകളെ ആശുപത്രിയിൽ അഡ്മിറ്റാക്കും. ഡീലക്സ് റൂമും വിദഗ്ധ ഡോക്ടർമാരുടെ പരിചരണവുമൊക്കെ നൽകും. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ സാന്നിധ്യവും സഹായവുമൊക്കെ ഏറ്റം ആവശ്യമുള്ള സമയമാണ് അത്. എന്നാൽ മറിയത്തെ സംബന്ധിച്ചിടത്തോളം പ്രസവമുറി ഇല്ല; ഡോക്ടർമാരുടെ സേവനമില്ല; മറ്റു സ്ത്രീകളുടെ തുണയില്ല. വൃത്തിഹീനമായ ഈ സാഹചര്യത്തിലാണ് ഈ പ്രപഞ്ചത്തിന്റെ മുഴുവൻ സ്രഷ്ടാവായ ദൈവത്തിന്റെ പുത്രനും ലോകത്തിന്റെ രക്ഷകനുമായ ക്രിസ്തു പിറന്നുവീഴുന്നത്. Small is beautiful (ചെറുതാണ് ചേതോഹരം) എന്ന് ഏതോ മഹാൻ പറഞ്ഞിട്ടുണ്ട്. ഈശോ എപ്പോഴും ചെറുതിനെ പ്രണയിച്ച വ്യക്തിയാണ്. അതുകൊണ്ട് കാലിക്കൂട്തന്നെയാണ് അവിടുത്തെ ജനനത്തിന് ഏറ്റം പറ്റിയ സ്ഥലം.

അവന്റെ ജനനം സ്വന്തമല്ലാത്ത സ്ഥലത്ത് അപര്യാപ്തതകളുടെ നടുവിൽ. അവൻ വളർന്നത് ഗലീലിയിലെ നസ്രത്തിൽ. ഗലീലി എന്ന കുഗ്രാമത്തെക്കുറിച്ച് യഹൂദർക്കുതന്നെ പുച്ഛമായിരുന്നു. "നസറത്തിൽ നി ന്ന് എന്തെങ്കിലും നന്മ വരുമോ?" എന്ന് നഥാനിയേൽ ചോദിക്കുന്നുണ്ട് (യോഹ 1:46). അവന്റെ മാതാപിതാക്കൾ മരപ്പണിക്കാരനായ യൗസേപ്പും ഒരു സാധാരണ വീട്ടമ്മയായ മറിയവും. യേശുവിന്റെ കാലത്ത് അവഗണിക്കപ്പെട്ട ഒരു ജനവിഭാഗമായിരുന്നു അവർ. യൂദയാരാജ്യം മറ്റു രാജ്യങ്ങളുടെ ഇടയിൽ ആക്ഷേപവിഷയമായിത്തീർന്ന ഒരു രാജ്യമാണ്. അവൻ ശിഷ്യരായി തെരഞ്ഞെടുത്തത് പണ്ഡിതരെയല്ല; സാധാരണക്കാരായ മുക്കുവരെയാണ്. അവനെക്കുറിച്ചുള്ള ആക്ഷേപം അവൻ ചുങ്കക്കാരുടെയും പാപികളുടെയുമൊക്കെ സുഹൃത്താണെന്നാണ്. തല



www.malankaralibrary.com

ചായ്ക്കാൻ അവന് സ്വന്തമായി ഒരിടം ഇല്ലായിരുന്നു. അവൻ അടക്കപ്പെട്ടത് അരിമത്യാക്കാരൻ ജോസഫിൽനിന്ന് കടം വാങ്ങിയ കല്ലറയിൽ.

തികച്ചും അനാർഭാടമായി ജീവിച്ചു മരിച്ചതുകൊണ്ട് അവന്റെ മഹത്വം കുറയുക അല്ല, കൂടുകയാണു ചെയ്തത്. Great men never feel great; Small men never feel small (വലിയ മനുഷ്യർക്ക് വലുപ്പം അനുഭവപ്പെടില്ല; കൊച്ചു മനുഷ്യർക്ക് വലിപ്പക്കുറവും) എന്ന് അജ്ഞാതനായ ഏതോ മഹാത്മാവു പറഞ്ഞിട്ടുണ്ട്. വലിയവനായിട്ടും ചെറിയവനായി എന്നതാണ് യേശുവിന്റെ സവിശേഷത. നമ്മുടെ പ്രശ്നം, ഇല്ലാത്ത വലിപ്പം ഉണ്ടെന്നു നടിക്കുന്നു എന്നതാണ്. വെറുതെ വലിപ്പം നടിക്കാനായി ചിലർ കോമാളി വേഷം കെട്ടും; സംസാരശൈലി മാറ്റും; പൊങ്ങച്ചം പറയും. എന്നാൽ യഥാർത്ഥത്തിൽ വലിയ വ്യക്തിക്ക് ഒരു വച്ചുകെട്ടലിന്റെയും ആവശ്യമില്ല.

ദൈവപുത്രന് കാലിത്തൊഴുത്തിൽ സംതൃപ്തി കണ്ടെത്താൻ കഴിഞ്ഞു. നമുക്കോ? പലതിലും തൃപ്തിയില്ല. സുഖസൗകര്യങ്ങൾ പോരാ; സ്ഥാനമാനങ്ങൾ പോരാ; സ്നേഹബഹുമാനങ്ങൾ പോരാ. ഭൗതിക കാര്യങ്ങളാണ് സന്തോഷം നൽകുന്നതെന്ന് നാം തെറ്റുധരിച്ചിരിക്കുന്നു. സന്തോഷം ആന്തരികമാണെന്ന് പുൽക്കൂട്ടിലെ ഉണ്ണിയും പരാതിയോ പരിഭവമോ ഇല്ലാത്ത മറിയവും ജോസഫും നമ്മെ പഠിപ്പിക്കുന്നു. ദൈവം കൂടെയുള്ളതാണ് നമ്മുടെ ആനന്ദത്തിന്റെ ആധാരം.

സ്നേഹത്തെപ്രതി ദൈവം ചെറുതാകുന്നതാണ് കാലിത്തൊഴുത്തിലെ ജനനം. ദൈവം ലോകത്തെ സ്നേഹിച്ചപ്പോൾ സ്വയം ചെറുതായി മനുഷ്യനായി; അവൻ ബലഹീന ശിശുവായി. അവൻ വീണ്ടും ചെറുതായി, പുൽക്കൂട് തെരഞ്ഞെടുത്തു. അവൻ ചെറുതായി അപമാനിതനായി; അവൻ ചെറുതായിത്തീർന്ന് പീഡനമേറ്റു; കുരിശിൽ മരിച്ചു. നമുക്കു ജീവൻ നൽകാൻ അവൻ വീണ്ടും ചെറുതായി, അപ്പമായി നമ്മുടെ ഉള്ളിലേക്കുവരുന്നു. ക്രിസ്മസ് എന്നു പറ യുന്നത് മറ്റുള്ളവർക്കായി ഏറ്റം ചെറുതാകാനുള്ള സന്മനസ്സാണ്. പുൽക്കൂടിന്റെ ലാളിത്യം നമ്മുടെ സർവ്വപ്രവർത്തനമേഖലകളിലും സന്നിവേശിപ്പിക്കാൻ നമുക്കു പരിശ്രമിക്കാം.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് oic**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ 25

# യൽദാപെരുന്നാൾ (ക്രിസ്മസ്)

## പ്രസംഗം

### കോവിഡുകാലവും ക്രിസ്മസ്രാവും

കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വി. കുർബാനയർപ്പിച്ച് പുറത്തിറങ്ങിയപ്പോൾ ഒരു വലിയമ്മച്ചി ചോദിച്ചു. "അച്ചാ, എല്ലാം അവസാനിച്ചോ? ഇതാണോ, ലോകാവസാനം? രണ്ടായിരത്തിൽ ലോകം അവസാനിക്കും എന്നാണ് വിചാരിച്ചിരുന്നത്. രണ്ടായിരത്തിയിരുപതുവരെ നീട്ടിക്കിട്ടിയല്ലേ?"

വലിയമ്മച്ചിയുടെ ചോദ്യത്തിൽ മനസ്സ് ഒന്നു പതറിയെങ്കിലും ആത്മവിശ്വാസത്തോടെ ഞാൻ പറഞ്ഞു: "ഇല്ല ഒന്നും അവസാനിച്ചിട്ടില്ല."

അതിർത്തി തുളച്ചെത്തിയ കുഞ്ഞൻവൈറസ് അതിന്റെ സംഹാരതാണ്ഡവം തുടങ്ങിയിട്ട് ഒരുവർഷമാകുന്നു. 1348-ൽ യൂറോപ്പിനെ തകർത്തുകളഞ്ഞ കറുത്തമരണം എന്നറിയപ്പെട്ട ബ്യൂബോണിക് പ്ലേഗും 1920-ൽ പൊട്ടിപുറപ്പെട്ട സ്പാനിഷ് ഫ്ളൂവും ഇന്ത്യയിൽ കൊറോണ വൈറസിനേക്കാൾ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് ചരിത്രഗവേഷണങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും അന്നൊന്നും വൈദ്യശാസ്ത്രം ഇത്രമാത്രം വികസിച്ചിട്ടില്ലായിരുന്നു എന്ന സാമാന്യചോദ്യം മനുഷ്യവംശത്തെ അലട്ടുന്നു. ഇത്തവണ ഉണ്ണി പിറക്കുന്നത് കോവിഡ് സമ്മാനിച്ച സമാനതകളില്ലാത്ത ദുരന്തങ്ങ



www.malankaralibrary.com

ളിലേക്കാണ്. നിരവധി വാതിലുകൾ മുട്ടി; അവിടെയൊന്നും പിറക്കാൻ ഇടം കിട്ടാതെ കാലികളുടെ സങ്കേതമായ തൊഴുത്തിൽ 2020 വർഷങ്ങൾക്കുമുമ്പ് പിറന്ന ഈശോ, അത്യാധുനിക ശാസ്ത്രസാങ്കേതികയുഗമായ 2020ൽ പിറക്കുന്നു, കോവിഡെന്ന പുൽക്കൂട്ടിലേക്ക്. ക്രിസ്മസ്സുമായി ബന്ധപ്പെട്ട 2020 ലെ രണ്ട് വിചിന്തനങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കട്ടെ.

1. ഉണ്ണിയേശു അതിജീവനത്തിന്റെ പാഠപുസ്തകം

ഈ ലോകത്തിൽ പിറന്നുവീണ ഓരോ മനുഷ്യനും കണ്ടുപഠിക്കേണ്ട അതിജീവനത്തിന്റെ ഏറ്റവും നല്ല പാഠപുസ്തകമാണ് ഈശോയുടെ ജീവിതം. ഒന്നുനോക്കിയാൽ ക്രിസ്തുവിനോളം പരാജയപ്പെട്ട വ്യക്തി ഈ ഭൂമുഖത്ത് ജീവിച്ചിട്ടില്ല. കാലിത്തൊഴുത്തിലെ ജനനം, ഈജിപ്തിലേക്കുള്ള പലായനം, പരസ്യജീവിതത്തിനിറങ്ങുമ്പോൾ, പ്രബോധനങ്ങൾ മനസ്സിലാകാതെ ബന്ധുജനങ്ങളാൽ പ്രശ്നക്കാരനെന്നും അറിവില്ലാത്തവനെന്നുമുള്ള വിശേഷണം, നന്മ പ്രവർത്തിച്ചിട്ടും സ്നേഹം ജീവിച്ചുകാണിച്ചിട്ടും ലോകം തിരിച്ചുകൊടുത്തത് കരണത്തടിയും മുഖത്ത് തുപ്പലും മുൾമുടിയും ഭാരമേറിയ കുരിശും കൈകൾ ബന്ധിച്ച ചങ്ങലയും ഹൃദയം കുത്തിത്തുറന്ന കുന്തവും. “നീ ദൈവമാണെങ്കിൽ...നിന്നെത്തന്നെ രക്ഷിക്കുക” എന്ന പ്രലോഭനംവരെ കുരിശിൽ കിടന്ന് അവൻ അതിജീവിച്ചു. ലോകത്തിന്റെ കണ്ണാടിയിൽ പരാജയമാകേണ്ടിയിരുന്ന ജീവിതം ഈ ശോ സ്നേഹം നൽകി രക്ഷിച്ചെടുത്തു. നൂറ്റാണ്ടുകൾക്കിപ്പുറവും മനുഷ്യരാശിക്ക് പ്രതീക്ഷനൽകുന്ന രക്ഷകനായി ഈശോ പിറക്കുന്നു. അതുകൊണ്ട് നമ്മുടെ കാലംകണ്ട ഏറ്റവും വലിയ ദുരന്തമായി കോവിഡ്-19 രൂപാന്തരപ്പെടുമ്പോൾ, അതിന്റെ നിലവിളികൾക്കുള്ള ഏറ്റവും നല്ല മരുന്നായി ഉണ്ണിയേശുവിനെ പ്രതിഷ്ഠിക്കുക ഹൃദയമാകുന്ന പുൽക്കൂട്ടിൽ.



www.malankaralibrary.com

ഒരിക്കൽ മാധ്യമപ്രവർത്തകർ S.P ബാലസുബ്രഹ്മണ്യത്തിനു ചുറ്റുംകൂടി അദ്ദേഹത്തോട് ചോദിച്ചു: 'അങ്ങ് 16 ഭാഷകളിൽ 40,000 പാട്ടുകൾ പാടിയിട്ടുണ്ടല്ലോ, അതൊരു മഹാത്ഭുതമല്ലേ?' അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ ഒരൊറ്റ ഭാഷയിലേ പാടിയിട്ടുള്ളൂ. സംഗീതമാണ് ആ ഭാഷ.' അതിന് മരണമില്ല. ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അതിജീവനത്തിന്റെ ഈ കോവിഡ് പുൽക്കൂടിൽ ഉണ്ണിയീശോ പിറക്കുമ്പോൾ സുഹൃത്തേ നീയൊറ്റ തീരുമാനം എടുക്കുക. സ്വാർത്ഥത്തിന്റെ വട്ടത്തിൽ കിടന്ന് നിന്റെ അതിജീവനംമാത്രം നോക്കിയാൽ പോര. മറിച്ച് നിന്റെ പുൽക്കൂട്ടിലെ കോവിഡോഹരി പാവപ്പെട്ടവനായ ലാസറിന്റെ അതിജീവനത്തിനുവേണ്ടി കൂടിയുള്ളതാണെന്ന് തിരിച്ചറിയുക.

2. നീ വാഴുന്നിടമെല്ലാം ദൈവാലയം

ഒരു ദൈവാലയവും ഈശോ തന്റെ പരസ്യജീവിതകാലത്ത് പണികഴിപ്പിച്ചിട്ടില്ല. പക്ഷേ ഉണ്ണിയീശോ പിറന്നുവീണ കാലിക്കൂട് ദൈവാലയമായി. യേശു കടന്നുചെന്ന ഇടങ്ങളും കണ്ടുമുട്ടിയ വ്യക്തികളും ദൈവാലയങ്ങളായി. ദൈവപുത്രനെ വഹിച്ച പരിശുദ്ധ അമ്മയും, ദൈവപുത്രനെ പരിപാലിച്ച യൗസേപ്പിതാവും ദൈവാലയങ്ങളായി. മനസ്സിന്റെ നന്മകൊണ്ട് ആട്ടിടയരും നക്ഷത്രത്തെ പിന്തുടർന്ന രാജാക്കന്മാരും ദൈവാലയങ്ങളായി. ക്രിസ്തുവിനു വഴിയൊരുക്കിയ സ്നാപകനും ക്രിസ്തുവചനങ്ങൾക്കായി വാതിലുകൾ തുറന്നിട്ട് പീഡകൾ സഹിച്ചും സുവിശേഷം ലോകാർത്തികളിൽ എത്തിച്ച ശിഷ്യഗണവും വിശ്വാസിസമൂഹവും ദൈവാലയങ്ങളായി. കോവിഡും ഒരു ദൈവാലയമാണ്.

അഹംകൊണ്ടും അധികാരാസക്തികൊണ്ടും ലഹരിപിടിച്ച് തന്നിഷ്ടത്തിന്റെ മേലങ്കി ധരിച്ചു മുന്നേറിക്കൊണ്ടിരുന്ന മനുഷ്യവംശത്തിന് എളിമയോടെ ഇറങ്ങി ധ്യാനിക്കാനുള്ള ദൈവാലയം. ജപമാലയിൽ പുതുതായി തുന്നിച്ചേർത്ത മൂന്നുജപമണികളുടെ ചൈതന്യത്തിൽ കരുണയുടെ മുഖങ്ങളാകാൻ ഓർമിപ്പിക്കുന്ന ദൈവാലയം. അതുകൊണ്ട് ക്രിസ്തുവിനു ജന്മംകൊടുക്കുന്ന, ക്രിസ്തുവിനെ പകർന്നുകൊടുക്കുന്ന, വഹിക്കുന്ന, ക്രിസ്തു ചെയ്തികൾക്കായി വാതിൽ തുറന്നിടുന്ന ദൈവാലയങ്ങളാകട്ടെ നിന്റെ ഹൃദയവും നീ വാഴുന്നിടങ്ങളും.



www.malankaralibrary.com

എവിടെയോ വായിച്ചതോർക്കുന്നു: ഭാര്യയും ഭർത്താവും തമ്മിൽ ഭയങ്കര അടി. വഴക്കിനിടയിൽ ഭർത്താവ് പറഞ്ഞു: സുന്ദരിയായതിന്റെ അഹങ്കാരമാണ് നിനക്ക്. ബ്രേക്ക് ഇട്ടപോലെ അടിനിന്നു. പിന്നെ ചായയായി... കാപ്പിയായി... സൂപ്പായി... സൽക്കാരമായി... എന്റീശ്വരാ ഇവളുടെ ഒരു കാര്യം.

മനുഷ്യകുലത്തെ സുഖപ്പെടുത്തുന്ന ഒരു മരുന്നേ ലോകത്തിലുള്ളൂ; അതിന്റെ പേരാണ് സ്നേഹം. സ്നേഹം ആരംഭിക്കുന്നത് നല്ല വാക്കുകളിൽനിന്നാണ്. അപ്പോൾ അതാണ് ശരി... നന്മ പ്രഘോഷിക്കുന്ന നാവുകൾ പൊന്നാകട്ടെ!

ഇല്ല! ഒന്നും അവസാനിച്ചിട്ടില്ല!
ഉണ്ണീശോ പിറക്കുന്നു... കോവിഡ് പുൽക്കൂട്ടിലേക്ക്!
എല്ലാം ശരിയാകും... ബി പോസിറ്റീവ്!

**ഫാ. ആൻസൺ പാണേങ്ങാടൻ cmi**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ഡിസംബർ 27

# യൽദായ്ക്കുശേഷം 1–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 2: 41-52

### സന്ദർഭം

യേശുവിന്റെ ബാല്യകാലം വിശദമായി പരാമർശിക്കുന്നത് ലൂക്കാസുവിശേഷമാണ്. ജനനംമുതൽ ദൈവാലയസമർപ്പണവും യേശുവിന്റെ കൗമാരവും അവതരിപ്പിച്ചു (2:1-40) തുടർന്ന് യേശുവിന്റെ യുവത്വത്തിലേക്ക് കാൽവയ്പ്പും അതിന്റെ സങ്കീർണമായ അനുഭവങ്ങളും വിവരിക്കുന്നതിനോടൊപ്പം ഒരു യഹൂദബാലന്റെ മതപരമായ ഉത്തരവാദിത്വങ്ങളിൽ ഊന്നിയ വളർച്ചയുടെ ഒരുഘട്ടം അവതരിപ്പിക്കുന്നതാണ് വചനഭാഗം (2:41-52).

### സാരം

യേശുവിന്റെ ദൈവികപദ്ധതി എന്താണെന്നും അവിടുന്ന് ഏതു തരത്തിലുള്ള പരസ്യജീവിതമാണ് നയിക്കാൻ പോകുന്നത് എന്നതും സുവിശേഷം അവതരിപ്പിക്കുന്നു. തികഞ്ഞ യഹൂദ ആത്മീയതയിൽതന്നെ വളരുന്ന ബാലനായ യേശു, സ്വതന്ത്രനിലപാട് എടുക്കുന്നതും അത് സൃഷ്ടിക്കുന്ന സംഘർഷങ്ങളും എല്ലാം കൃത്യമായി രേഖപ്പെടുത്തുന്നതാണ് വചനപ്രമേയം.

### സന്ദേശം

1. യേശുവിന് 12 വയസ്സായപ്പോൾ നടന്ന സംഭവമാണ് നാം ധ്യാനിക്കുന്നത്. 12 വയസ്സ് ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള പ്രായമായി കരുതപ്പെട്ടിരുന്നു. തോറ പഠിക്കുകയും വ്യാഖ്യാനിക്കുകയും പ്രായ



www.malankaralibrary.com

പൂർത്തിയായ യഹൂദർ അനുഷ്ഠിക്കാൻ കടപ്പാടുള്ള എല്ലാം നിർവഹിക്കാൻ കടമയുള്ള പ്രായം. മാതാപിതാക്കളുടെ തണലിൽനിന്ന് പതുക്കെ തന്റെ ദൗത്യവും ശുശ്രൂഷാമേഖലയും എല്ലാം തെരഞ്ഞെടുക്കുന്ന പ്രായം. മാതാപിതാക്കളോടൊന്നിച്ച്, ജറുസലെം ദൈവാലയത്തിലേക്ക് പോയ യേശു, സ്വന്തം തീരുമാന പ്രകാരം, ദൈവാലയത്തിൽ തങ്ങി, തനിക്കിഷ്ടമുള്ളതും തന്റെ മേഖലയാണെന്ന ബോധ്യമുള്ളതുമായ തോറ ചർച്ചകളിൽ മുഴുകുന്നു. ഇന്ന് സ്വന്തം ഉത്തരവാദിത്വങ്ങൾ തിരിച്ചറിയാനും സ്വതന്ത്രമായ നിലപാടുകൾ എടുക്കാനും യേശു നമ്മെ ക്ഷണിക്കുന്നു.

2. കുടുംബബന്ധങ്ങളുടെ മഹത്വവും വെല്ലുവിളികളും വേദനകളും സമരസപ്പെടലും എല്ലാം സമന്വയിപ്പിക്കുന്ന ഒരു വിവരണമാണ് വചനഭാഗത്തുള്ളത്. അന്നും ഇന്നും കൗമാരം പിന്നിടുന്ന മക്കൾ സ്വന്തമായ നിലപാടുകൾ എടുക്കുന്നത് മാതാപിതാക്കളെ അസ്വസ്ഥരാക്കുന്നു. നഷ്ടപ്പെട്ടെന്ന് കരുതിയ മനുഷ്യനെ തേടിയിറങ്ങുന്ന മാതാവും യൗസേപ്പും പറുദീസയിൽ നഷ്ടപ്പെട്ട ആദത്തെയും ഹവ്വായെയും തേടിയിറങ്ങുന്ന ദൈവത്തിന്റെ ചിത്രം ഓർമപ്പെടുത്തുന്നു. മാതാപിതാക്കൾ ഒന്നിച്ചുനിന്ന് മക്കളെ പരിപാലിക്കുന്നതിന്റെ ആവശ്യകതയും നാം ഇവിടെ കാണുന്നു. നിന്റെ പിതാവും ഞാനും അതീവം വ്യസനിച്ചുകൊണ്ട് നിന്നെ തേടുകയായിരുന്നു എന്ന പരാമർശം ഭാര്യാഭർത്താക്കന്മാർ ബന്ധങ്ങളിൽ പരസ്പരം നൽകേണ്ട ബഹുമാനം, അംഗീകാരം എന്നിവ എടുത്തുകാട്ടുന്നു. മാതാപിതാക്കളോടൊപ്പം വന്ന്, അവർക്ക് വിധേയനായി, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളർന്ന് എന്നുള്ളത് എക്കാലത്തെയും കുടുംബത്തിന്റെ അടിസ്ഥാന മാതൃകയായി മാറി. വിധേയപ്പെടൽ ഒരു മോശം കാര്യമല്ല എന്നുകൂടി നമ്മെ ഓർമിപ്പിക്കുന്നു. കുടുംബത്തിലെ ഈ വിധേയപ്പെടലാണ്; അവസാനം ദൈവപിതാവിന് വിധേയപ്പെടൽ യേശുവിനെ പ്രാപ്തനാക്കിയത് എന്നുകൂടി ഓർക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**



www.malankaralibrary.com

# പ്രസംഗം

## ജീവിതം ദൈവാലയമാക്കാം

ബാലനായ യേശു ദൈവാലയത്തിലേക്കുപോയതും തിരികെ വരാതിരുന്നതുമാണ് ഈ സുവിശേഷഭാഗത്തിലെ പ്രധാനപ്രമേയം. ഈ സുവിശേഷം വിരൽചൂണ്ടുന്ന ചില സവിശേഷതകളിലേക്ക് ഒന്ന് ശ്രദ്ധിക്കാം:

**ഒന്നാമതായി,** ഇസ്രായേൽജനത്തിന് ദൈവത്തോടും ദൈവം വസിക്കുന്നിടത്തോടും എപ്പോഴും ഭയഭക്തിബഹുമാനമുണ്ടായിരുന്നു. ആയതിനാൽ, ഇസ്രായേൽ ജനത്തിന് ഒരേയൊരു ദൈവാലയമേ ഉണ്ടായിരുന്നുള്ളൂ; അതാണ് ജറുസലെം ദൈവാലയം. അഹറോന്റെ തളിർത്തവടിയും മന്നാ നിക്ഷേപിച്ച ചെപ്പും മോശവഴി നൽകപ്പെട്ട ന്യായപ്രമാണങ്ങളുമടങ്ങിയ അതിവിശുദ്ധസ്ഥലം ഉൾ പ്പെടുന്ന ഈ ദൈവാലയത്തോട് ഇസ്രായേൽജനത്തിനുള്ള വികാരം അതിതീവ്രമായിരുന്നു, അതുകൊണ്ടാണ് നശിപ്പിക്കപ്പെട്ട ജറുസ ലെം ദൈവാലയത്തിന്റെ പടിഞ്ഞാറേഭിത്തിയിൽ ഇന്നും തലമുട്ടിച്ച് ഓരോ യഹൂദനും പ്രാർത്ഥിക്കുന്നത്.

യഹൂദരെ സംബന്ധിച്ചിടത്തോളം ഏകദൈവാലയം ജറുസലെമും പിന്നീടുള്ളവ സിനഗോഗുകളുമായിരുന്നു. അതുകൊണ്ട് വർഷംതോറും പെസഹാത്തിരുനാളിന് എല്ലാവരും ജറുസലെം ദൈവാലയത്തിൽ പോയിപ്രാർത്ഥിക്കുക ഒരു അനുഷ്ഠാനവും പാരമ്പര്യവും അതിലുപരി ദൈവൈക്യബന്ധത്തിന്റെ അടയാളവുമായിരുന്നു. യേശുവും മാതാപിതാക്കളും പതിവുതെറ്റിക്കാതെ ഈ യാത്രയിൽ പങ്കെടുത്തു.

ഒരു കുടുംബം ദൈവകൃപയുള്ള കുടുംബമായി നിലനിൽക്കണമെങ്കിൽ ദൈവാലയത്തോട് ബന്ധപ്പെട്ടുജീവിക്കണം. കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ ഈ കാര്യത്തിന്റെ ഗൗരവം നാം മനസ്സിലാക്കണം. ഗാർഹികസഭയെന്ന് രണ്ടാം വത്തിക്കാൻകൗൺസിൽ



www.malankaralibrary.com

വിശേഷിപ്പിക്കുന്ന കുടുംബം ശക്തിപ്രാപിക്കുന്നത് ക്രിസ്തുവിന്റെ മൗതീകശരീരമായ സഭയിൽനിന്നാണ് എന്ന കാര്യം വിസ്മരിക്കരുത്. വി.കുർബാന, നമ്മുടെ സ്വർഗ്ഗീയയാത്രയുടെ പാഥേയമാണ് എന്ന് പഠിപ്പിക്കുന്നത് ഈ അർത്ഥത്തിൽത്തന്നെയാണ്.

**രണ്ടാമതായി,** തിരുനാളിന്റെ മടക്കദിവസത്തിൽ സംഭവിച്ച കാര്യമാണ്. തിരുനാൾകഴിഞ്ഞ് എല്ലാവരും വീടുകളിലേക്ക് മടങ്ങുന്നു. ഓരോ സ്ഥലത്തുനിന്നും വന്നവർ കൂട്ടംകൂട്ടമായി തിരികെ പോകുകയാണ്, പക്ഷേ, ബാലനായ യേശു ദൈവാലയത്തിൽ തങ്ങി. നമ്മുടെ ദൈവാലയയാത്രയിലും ഇത് സംഭവിച്ചേക്കാം. ദൈവത്തെ കൂട്ടാതെ മടങ്ങിപ്പോകുന്നവരായി തീർന്നേക്കാം, വി. ബലിയർപ്പണത്തിൽ സംബന്ധിച്ചിട്ട് വി.കുർബാന സ്വീകരിക്കാതെ മടങ്ങുന്നവർ ദൈവത്തെ കൂടെകൂട്ടാൻ കഴിയാത്തവരല്ലേ? വീണ്ടും പാപത്തിൽ തുടരുന്നവർ ദൈവത്തെ കൂടെകൂട്ടാൻ മടികാട്ടുന്നവരല്ലേ? ദൈവത്തിന്റെ കൂട്ടുപിടിച്ചാലേ അഭിഷേകം ഉണ്ടാകൂ.

**മൂന്നാമതായി,** ബാലനായ യേശു കൂടെയില്ലന്നറിഞ്ഞ മാതാപിതാക്കൾ ജറുസലെമിലേക്ക് തിരികെനടന്നു. ദൈവത്തെ മറന്നയാത്രകൾ ശോഭനമാകുകയില്ല. 'വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് പോകുകയില്ല.' യേശുവിന്റെ ഈ പ്രസ്താവന ഒരു ഓർമ്മപ്പെടുത്തലാണ്. യേശുവിന്റെ കൂടെനടക്കാനും ജീവിക്കാനും ഈ യൽദാകാലഘട്ടത്തിൽ നമുക്ക് ശ്രദ്ധിക്കാം.

**നാലാമതായി,** അന്വേഷിച്ചുചെന്ന മാതാപിതാക്കന്മാരോട് ക്രിസ്തു തന്റെ ആഗമന ഉദ്ദേശം വെളിപ്പെടുത്തുന്നു. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകാനാണ് വന്നിരിക്കുന്നത്.' ദൈവികമായ ഈ ഇടപെടലുകൾ കണ്ട് കേൾവിക്കാർ വിസ്മയിച്ചു എന്നാണ് വചനം പഠിപ്പിക്കുന്നത്, സ്വയം വിസ്മയമായിതീരുന്ന ക്രിസ്തു, തന്റെ വാക്കുകളിൽ, പ്രവൃത്തികളിൽ വിസ്മയത്തിന്റെ വർണ്ണകാഴ്ചകൾ തെളിച്ചു.



www.malankaralibrary.com

**അഞ്ചാമതായി,** യേശു തന്റെ വിധേയത്വം പ്രകടമാക്കുകയാണ്. മാതാപിതാക്കന്മാരോട് തർക്കിക്കാതെ, തിരികെപോയി അവർക്ക് വിധേയനായി ജീവിച്ചു. നമ്മുടെ ജീവിതത്തിൽ ഇന്ന് നാം മറന്നുപോകുന്ന യാഥാർത്ഥ്യമാണിത്. സ്വയം വിധേയപ്പെടാൻ തയ്യാറാകാതെ അഹങ്കാരത്തിന്റെ പ്രകടനങ്ങൾ നടത്തുകയാണ്. മാതാപിതാക്കന്മാരോടും മുതിർന്നവരോടും നാം വിധേയത്വം പ്രകടിപ്പിക്കുമ്പോൾ നാം ദൈവകൃപയാൽ നിറയും.

**ആറാമതായി,** യേശു എങ്ങനെയാണ് വളർന്നത് എന്ന് വചനം പഠിപ്പിക്കുന്നു: 'അവൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു.' പ്രായത്തിനനുസരിച്ച പക്വത എന്ന് നാം പറയാറുണ്ട്. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ഒരുപോലെ വളർന്നുവരുകയെന്നത് ഏറെ ക്ലേശകരമാണ്, ഈ യൽദാകാലഘട്ടത്തിൽ നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം, ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജോഷ്വാ കൊച്ചുവിളയിൽ**



www.malankaralibrary.com

Date of Publication: 13 November 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 29)

# രാവുകൾക്കെല്ലാം പ്രശോഭപകർന്ന രക്ഷകന്റെ തിരുപ്പിറവിയുടെ മംഗളങ്ങൾ!!!

**ഏറെ സ്നേഹത്തോടെ**

***- കാരുണികൻ***

## ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധ - നിയന്ത്രണങ്ങളുടെ ഭാഗമായി അന്തർസംസ്ഥാന തപാൽ മാർഗം സുഗമമായിട്ടില്ലാത്തതിനാൽ നവംബർമാസ വചനബോധിയും തപാൽമാർഗം അയക്കാൻ നിർവാഹമില്ല. അതിനാൽ E-mail, Whats App, Online എന്നീ മാർഗങ്ങളിലൂടെ അയക്കുന്നു. സദയം സഹകരിക്കുമല്ലോ.

*- ചീഫ് എഡിറ്റർ*

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*

www.malankaralibrary.com